# കവിതകൾ

കെ. കാർത്തിക്, ആദിൽ മഠത്തിൽ



Kavithakal

K. Karthik, Adil Madathil

(Malayalam: Poems)

© 2020, respective authors.

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: In Depth, an Acrylic on canvas by Nabakishorec. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# താളബോധത്തിൽ ഞാൻ; പല്ലുകെട്ടി താളംപോയ ചേച്ചി

—കെ. കാർത്തിക്

(താളബോധത്തിൽ ഞാൻ)

ചേച്ചി വന്നു വിളിക്കെ, ഇന്നലെ
നേരമെത്താതെ ഞാനെണീക്കുന്നു.
പല്ലുകാട്ടി ചിരിച്ചവൾ
“നോക്കടാ, കമ്പിയിട്ടുപോയ്-
കൊള്ളുമോ”യെന്നുമായ്.
കണ്ണുണർന്നില്ല കലങ്ങീലെനിക്കപ്പോൾ,
കാര്യമാക്കാതെയിനിയും കിടക്കുന്നു.

(പല്ലുകെട്ടി താളംപോയ ചേച്ചി),

“അമ്മാ
ഇബൻ നോക്ക്ണില്ലാന്നും
എടാ, ണീക്ക്
ഞാൻ പല്ലില് കമ്പിയിട്ടു ടാ!”

(താളബോധത്തിൽ ഞാൻ ),

“എന്തുപറ്റി നിനക്കെടി, മനുഷ്യനെ -
സ്വസ്ഥമായൊന്നുറങ്ങാനയക്കുമോ?
കമ്പി-മുള്ള് നീയെന്തുവേണേൽ ചെയ്യ്
ഒന്നുറങ്ങട്ടെ ഞാനെന്നു പിഴച്ചുപോയ്”.

(പല്ലുകെട്ടി താളംപോയ ചേച്ചി),

“എന്ത് ദുഷ്ട്നാടാ യ്യ്.
ന്നി അണക്കെന്തേലും കാര്യം വരുമ്പോ
ഞാൻ കാണിച്ചെരാ ട്ടൊ
പല്ല്കെട്ടി പിട്ത്തം വിട്ടിരിക്കാ ഞാൻ.
ഒന്ന് നോക്കീട്ട്
വൃത്തികേട്ണ്ടോ ന്നൊന്ന് പറ”.

(താളബോധത്തിൽ ഞാൻ),

“മദിച്ചുറങ്ങുന്നൊരെന്റെ തണുപ്പിന്
തീകൊളുത്തുന്ന നീതന്നെ ദുഷ്ട്ട!
കമ്പികെട്ടിച്ചത് വാശിപിടിച്ച് നീ –
കൺനിറച്ചതിന്നാലെന്നതോർമ്മ.
വേദനയല്ലേ സഹിക്കെടി, നിൻ
കൈയ്യിരിപ്പത്ര മോശമല്ലല്ലോ”.

(പല്ലുകെട്ടി താളംപോയ ചേച്ചി),

“വേദന സാരല്ല്യ
ന്നി എങ്ങനെ ഞാൻ പൊറത്തെറങ്ങും.
ഒരു കൊല്ലം പല്ലുംകെട്ടി നടക്കണം
അപ്പഴാ അന്റൊരു ‘കവിത’”.

(താളബോധം അല്പം കുറഞ്ഞു് ഞാൻ),

കമ്പിക്കുട്ടി കയ്യിൽ കടിച്ചവൾ
എന്റെ നാട്യം വെറുത്ത് കടന്നുപോയ്.
കൈകടഞ്ഞിട്ട് ഞാനെണീറ്റപ്പോൾ
കയ്യിലവളുടെ പല്ലുകൾ പിണങ്ങിക്കിടക്കുന്നു.

# ഓാട്ടോർഷ പറ്റിക്കും പണി

—കെ. കാർത്തിക്

പണിതീരാത്ത ഈ റോട്ടിൽ
ഓാട്ടോർഷ പറ്റിക്കും പണി
പണികഴിഞ്ഞു് പോണ ആൾക്കാർടെ പണി
കലുക്കികലുക്കി ഓര്ടെ മുതുകിന്റെ പണി
കൊളം-കര അങ്ങനത്തെ റോഡ്
ഉരലിടി അങ്ങനത്തെ മുഴക്കം
കുമ്പിനിടി അങ്ങനത്തെ കടച്ചിൽ
കേറിയോതു് കേറിയോതു്
പണ്ടാരടങ്ങട്ടേന്നു് പ്രാകി-
ആരെ പ്രാകി?-
ഡ്രൈവറെ പ്രാകി
റോഡിനെ പ്രാകി
റോഡ് പണിതീർക്കാത്ത രാജാവിനെ പ്രാകി
ഇരുന്നിട്ടിരുന്നിട്ട് അടപ്പുതെറിച്ച് കടയുന്ന
സ്വന്തം ഇടുപ്പിനെ പ്രാകി
ഏൽക്കണ്ടോർക്കേൽക്കട്ടെ
സത്യമുള്ള പ്രാക്കേ ഫലിക്കൂ,
ഡ്രൈവർ ചിരിക്കാതെ ചിരിച്ച്
പ്രാക്യോരെക്കെ പ്രാകി.

# ഒരു പൊട്ടനും മറ്റൊരു പൊട്ടനും

—കെ. കാർത്തിക്

ഒരു മതിലിൽ
ഒരു പൊട്ടൻ
കൈയ്യും കാലുമൊക്കെയുള്ള
മനുഷ്യരുടെ ചിത്രം വരച്ചിട്ട് പോയി.
ആ പൊട്ടനേതു മതിലുകണ്ടാലും
ഒരേ ചിത്രം തന്നേണ് വരക്കാറ്
കഷ്ടകാലത്തിന്
ഇയാൾ ചിത്രം വരച്ച
രണ്ട് മതിലുകൾ
രണ്ട് ബസ്സ്റ്റാന്റുകളിലായിരുന്നു.
ഇവിടന്നു കേറി അവിടെയെറങ്ങുന്ന
ആൾക്കാർക്ക് ഇതതിശയമായി
ചിലർക്ക് ബസ്സ്റ്റാന്റുകൾ പരസ്പരം മാറിപ്പോയി.
മറ്റൊരു യാത്രക്കാരൻപൊട്ടൻ ധരിച്ചു,
അവിടത്തെ ചിത്രത്തിലെയാൾക്കാർ
തന്റെ ബസ്സിൽ തൂങ്ങി
ഇങ്ങട്ട് സർക്കീട്ട് പോന്നതാണെന്ന്.

# കാലം കഴിയുന്തോറും മനുഷ്യർ അലിവുള്ളവരാകുന്നുണ്ട്

—കെ. കാർത്തിക്

ചെറിയകുട്ടികളെയൂട്ടുമ്പോൾ
അവർ
വെള്ളം കൊടുക്കുന്ന സ്പൂണിനുവേണ്ടി
വാശിപിടിക്കും
എന്റെ വാശിക്ക്
അച്ഛൻ
സ്പൂണൊളിപ്പിച്ച് വെച്ച്
"അത് കള്ളൻ കൊണ്ടോയിലൊ"
ന്നാണ് പറഞ്ഞിരുന്നത്
ഞാനൊറ്റക്ക് വാരിയുണ്ണുമ്പോൾ
കഴിഞ്ഞ ദിവസം
ഒരു കുഞ്ഞിന്റെയച്ഛൻ
അതിന്റെ വാശിക്ക്
സ്പൂണൊളിപ്പിച്ച് വെച്ച്
"അത് വെള്ളത്തിലലിഞ്ഞു പോയിലൊ"
ന്ന് പറയുന്ന കേട്ടു
ചോറ് മതിയാക്കുംമുന്നേ ഞാൻ മനസ്സിലാക്കി,
കാലം കഴിയുന്തോറും
മനുഷ്യർ അലിവുള്ളവരാവുന്നുണ്ട്.



# മരിച്ചിട്ടില്ല!

—ആദിൽ മഠത്തിൽ

ജയരാജൻ മാഷ്
മുസ്ലിമല്ലല്ലോ
സ്വർഗത്തി
പോവൂലല്ലോ...
പിന്നെന്താ
മരിച്ചിട്ടും
ചിരിച്ച്
കിടക്കുന്നേ?!
ജയരാജൻ മാഷ്
മരിച്ചിട്ടില്ല!!
ഇതാ, ഇപ്പൊ എഴുന്നേൽക്കും
ചിരി മായ്ക്കും...
കഥ പറയുന്ന ചുണ്ടുകൾ
തുറക്കും...
കുട്ടി
നോക്കി നിന്നു.

# അർത്ഥം

—ആദിൽ മഠത്തിൽ

ഓതുന്നതെന്തിനാ വല്ലിമ്മാ
അർത്ഥമറിയാതെ?
അള്ളാക്കറിയാം അർത്ഥം
ബേജാറാകേണ്ട ജ്ജ്!

# ഈണം

—ആദിൽ മഠത്തിൽ

നിലം തുടയ്ക്കുമ്പോൾ ഉമ്മ
തൊട്ടിൽ പാട്ടു മൂളുന്നു
ഈണത്തിൽ
നിലം നനയുന്നു.
ഫാനോണാക്കി
ഉണക്കാനിട്ടു
പോകുന്നു.
ഞാനാ പാട്ടിൽ
ഉറങ്ങി എണീക്കുന്നു
ഉണങ്ങി നിവരും നിലത്ത്.

# സ്വർഗത്തിലേക്കുള്ള ടിക്കറ്റുകൾ

—ആദിൽ മഠത്തിൽ

യത്തീംഖാന
അറബിക്കോളേജ്
പിരിവുകാർ വന്നാൽ
ബെല്ലടിക്കുമ്പഴേക്കും
വാതിൽ തുറക്കും കുട്ടി
ഉമ്മയെ തിരഞ്ഞു പായും.
പത്തുർപ്പ്യ കൊടുത്ത്
പേരെഴുതിച്ച് വാങ്ങും
സ്വർഗത്തിലേക്കുള്ള ടിക്കറ്റുകൾ
പഴ്സിലടുക്കും.

# സുന്നത്തുകളി

—ആദിൽ മഠത്തിൽ

തൊലിയടരും തടിയിൽ
കെട്ടിയിട്ടോൾ കുട്ടിയെ.
തുണിയുരിച്ചമ്പയാക്കി
ചന്തിക്കടിച്ച് വട്ടം നടത്തി
വെള്ളം കാട്ടി
കാടികുടിപ്പിച്ച് കുട്ടിയെ
കറക്കാനിരുന്ന
പാത്രം വെച്ച്.
മുട്ടാണികണ്ടോൾ ഞെട്ടി
സുന്നത്തു കഴിച്ചിട്ടില്ലേ?
മുറിച്ചേരാമെന്നോൾ
തൊലിയടർത്തി നോക്കി.
പേടികാട്ടാ കുട്ടി
വിറച്ച് തലയാട്ടി.
വല്ല്യുമ്മയില്ലാ തക്കം
അടുക്കളേക്കേറി.
വീതനച്ചോട്ടീന്നെടുത്തു
വെട്ടുകത്തി!
മുറിയടച്ച്, കുട്ടിയെ
മലർത്തി കിടക്കയിൽ.
ബിസ്മിചൊല്ലി
വെള്ളമുഴിഞ്ഞു.
മുട്ടാണി മുറിക്കാൻ
കത്തി നീട്ടി.
വാതിൽ പൊളിച്ച്
വല്ല്യുമ്മ അലറിക്കരഞ്ഞു.
വീട്ടിലേക്കോടി-
യൊളിച്ചവൾ.
പിറ്റേന്നപ്പ കൊണ്ടോയ്
സുന്നത്തു കഴിപ്പിച്ച്.
സുന്നത്തു കാണാൻ
വന്നോൾ
മറനീക്കി നോക്കി.
പത്തുർപ്പ്യ നീട്ടി!

□

## കെ. കാർത്തിക്



പട്ടാമ്പി കൊപ്പത്തിനടുത്ത് തത്ത നംപുള്ളി സ്വദേശി. ജനനം 2002-ൽ. ഇപ്പോൾ പട്ടാമ്പി ഗവ.കോളേജിൽ ബി.എ.വിദ്യാർത്ഥി.

## ആദിൽ മഠത്തിൽ

മലപ്പുറം ജില്ലയിലെ എടവണ്ണയിൽ 2000-ത്തിൽ ജനനം. ഇപ്പോൾ തൃശ്ശൂർ കേരളവർമ്മ കോളേജിൽ ബി.എ. വി ദ്യാർത്ഥി.



# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.